# കമ്മ്യൂണിസ്റ്റ് പാർടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)
## കേരള സംസ്ഥാന സമ്മേളനം
# 2018 ഫെബ്രുവരി 22 മുതൽ 25 വരെ
## സ: വി.വി.ദക്ഷിണാമൂർത്തി നഗർ, തൃശ്ശൂർ

**(പ്രസിദ്ധീകരണത്തിന്)** **24.02.2018**

## (സംസ്ഥാന സമ്മേളനം അംഗീകരിച്ച പ്രമേയം)
## അക്കാദമിക് സ്ഥാപനങ്ങളെ കൈയടക്കാനും വിദ്യാഭ്യാസരംഗത്തെ കാവിവൽക്കരിക്കാനുമുള്ള നീക്കങ്ങളെ ചെറുക്കുക

സ്വതന്ത്രമായ അക്കാദമിക് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുകയും കാവിവൽക്കരിക്കുകയും ചെയ്യുന്ന കേന്ദ്രസർക്കാരിന്റെ ജനാധിപത്യവിരുദ്ധമായ ഇടപെടലുകൾക്കെതിരെ അണിനിരക്കണമെന്ന് ഈ സമ്മേളനം ആഹ്വാനം ചെയ്യുന്നു.

തങ്ങൾക്ക് കൈവന്നിരിക്കുന്ന ദേശീയാധികാരത്തെ ഉപയോഗിച്ച് ചരിത്രത്തെയും സംസ്കാരത്തെയും കാവിവൽക്കരിക്കാനുള്ള അത്യന്തം വിജ്ഞാനവിരുദ്ധവും ജനാധിപത്യവിരുദ്ധവുമായ നീക്കങ്ങളാണ് സംഘപരിവാർ നടത്തിക്കൊണ്ടിരിക്കുന്നത്. മോഡി സർക്കാർ അധികാരത്തിൽ വന്ന ഉടനെ ചരിത്രഗവേഷണകൗൺസിൽ തൊട്ടുള്ള അക്കാദമിക് സ്ഥാപനങ്ങളെയും സാംസ്കാരിക സ്ഥാപനങ്ങളെയും സംഘപരിവാറുകാരെക്കൊണ്ട് കുത്തിനിറക്കുകയാണ് ചെയ്തത്.

സ്വതന്ത്രമായ അക്കാദമിക് സമൂഹം എന്നത് ഏതൊരു സമൂഹത്തിലും ജനാധിപത്യം നിലനിൽക്കുന്നതിനും വിപുലമാവുന്നതിനുമുള്ള മുന്നുപാധിയാണ്. എവിടെയെല്ലാം അക്കാദമിക് സ്ഥാപനങ്ങൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയാതെ വരുന്നുവോ അവിടെയെല്ലാം സമഗ്രാധിപത്യമോ ഫാസിസമോ പിടിമുറുക്കുന്നുവെന്നതാണ് ചരിത്രാനുഭവം.

ബി.ജെ.പി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇന്ത്യയുടെ ദേശീയ അഭിമാനങ്ങളായ അക്കാദമിക് സ്ഥാപനങ്ങളെല്ലാം സംഘപരിവാർ പിടിയിലമരുന്നതാണ് നാം കണ്ടത്. ഇന്ത്യയുടെ ബഹുസ്വരസംസ്കൃതിയെ നിഷേധിക്കുന്ന ഹിന്ദുത്വ അജണ്ടക്കനുസൃതമായ രീതിയിൽ അക്കാദമിക് രംഗത്തെ ഉടച്ചുവാർക്കാനാണ് സംഘപരിവാർ ശ്രമിക്കുന്നത്. പ്രാഥമിക വിദ്യാഭ്യാസം മുതൽ ചരിത്ര-ശാസ്ത്രഗവേഷണം ഉൾപ്പെടെയുള്ള ഉന്നതവിദ്യാഭ്യാസ മേഖല കാവിവൽക്കരിക്കാനുള്ള ആസൂത്രിത നീക്കങ്ങളാണ് ആരംഭിച്ചിരിക്കുന്നത്.

ഇന്ത്യൻ അക്കാദമിക് രംഗത്ത് കോർപ്പറേറ്റ്വൽക്കരണവും വർഗീയവൽക്കരണവും കേന്ദ്രീകരണവും അടിച്ചേൽപ്പിക്കാനാണ് ബി.ജെ.പി സർക്കാർ നോക്കുന്നത്. 'ഗ്ലോബൽ അലയൻസ് ഫോർ ട്രാൻസ് നാഷണൽ എഡ്യുക്കേഷൻ' പോലുള്ള ബഹുരാഷ്ട്ര വിദ്യാഭ്യാസ കുത്തകകളെ ഉന്നതവിദ്യാഭ്യാസ രംഗത്ത് കടത്തിക്കൊണ്ടുവരികയും വിദ്യാഭ്യാസ ഉള്ളടക്കത്തെ കാവിവൽക്കരിക്കുകയും ചെയ്യുന്ന പരിഷ്ക്കാരങ്ങൾക്കാണ് മോഡി സർക്കാർ നേതൃത്വം കൊടുക്കുന്നത്. സമ്പദ്ഘടനയുടെ ആഗോളവൽക്കരണവും ആഗോളവൽക്കരിക്കപ്പെട്ട ഹിന്ദുത്വവുമാണ് സംഘപരിവാറിന്റെ അജണ്ട.

അധികാരത്തിലെത്തിയ ഉടനെ കേന്ദ്ര മാനവവിഭവശേഷി വകുപ്പ് മന്ത്രി പ്രസ്താവിച്ചത് പ്രാചീന ഹിന്ദു ടെക്സ്റ്റുകളെ സ്കൂൾ പാഠപുസ്തകമാക്കുമെന്നാണ്. ആർ.എസ്.എസ് നേതൃത്വം നൽകുന്ന സമാന്തര വിദ്യാഭ്യാസ സംവിധാനങ്ങളുടെ മേധാവി ദീനനാഥ് ബത്രയുടെ ഉപദേശനിർദ്ദേശങ്ങൾ അനുസരിച്ചാണ് കാവിവൽക്കരണ നടപടികൾക്ക് ഗതിവേഗം കൂടിയിരിക്കുന്നത്. അന്ധവിശ്വാസങ്ങളുടെയും വർഗീയതയുടെയും കേന്ദ്രങ്ങളാക്കി ഉന്നതവിദ്യാഭ്യാസ രംഗത്തെ മാറ്റാനാണ് ബി.ജെ.പി സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ജ്യോതിഷവും മന്ത്രവാദവുമെല്ലാം സിലബസിന്റെ ഭാഗമാക്കി പ്രചരിപ്പിക്കാൻ വാജ്പേയ് സർക്കാരിന്റെ കാലം മുതൽ നീക്കങ്ങളാരംഭിച്ചതാണ്. ഇന്നത് തീവ്രഗതിയിലായിരിക്കുന്നു. ഇതിഹാസങ്ങളും കെട്ടുകഥകളും ചരിത്രവും ശാസ്ത്രവുമായി പഠിപ്പിക്കുന്ന പാഠപുസ്തകങ്ങളാണ് ബി.ജെ.പി ഭരിക്കുന്ന സംസ്ഥാനങ്ങളിൽ അടിച്ചേൽപ്പിച്ചിരിക്കുന്നത്. ശാസ്ത്രബുദ്ധിയുയർത്തിപ്പിടിക്കണമെന്ന ഭരണഘടനയുടെ 51-ാം ആർട്ടിക്കിളിന്റെ നഗ്നമായ ലംഘനമാണിതെല്ലാം. ആർ.എസ്.എസ് നേതൃത്വത്തിലുള്ള സരസ്വതീ വിദ്യാലയങ്ങളും അവിടെ ക്രമപ്പെടുത്തിയിട്ടുള്ള സിലബസ്സും രാജ്യത്തെ വിദ്യാർത്ഥികൾക്കിടയിൽ രൂപപ്പെടേണ്ട ശാസ്ത്ര ചിന്തയും, യുക്തി ചിന്തയും തകർക്കുന്നതാണ്.

യാതൊരുവിധ അക്കാദമിക് യോഗ്യതയുമില്ലാത്ത ആർ.എസ്.എസുകാരെയും മോഡി ഭക്തരെയും ദേശീയ അക്കാദമിക് സ്ഥാപനങ്ങളുടെ മേധാവികളായി അവരോധിച്ചിരിക്കുകയാണ്. അക്കാദമിക് രംഗത്ത് മഹനീയമായ സംഭാവനകൾ നൽകിയ നിരവധി പേരുണ്ടായിട്ടും അവരെയൊന്നും പരിഗണിക്കാതെയാണ് സംഘപരിവാർ പ്രതിനിധികളെ ചരിത്രകൗൺസിൽ ഉൾപ്പെടെ

യുള്ള സ്ഥാപനങ്ങളുടെ മേധാവികളായി അവരോധിച്ചത്. റൊമീളാഥാപ്പർ ഉൾപ്പെടെ അക്കാദമിക് മികവിന്റെയും സംഭാവനകളുടെയും കാര്യത്തിൽ ലോകനിലവാരമുള്ള നിരവധിപേരെ മാറ്റിനിർത്തിക്കൊണ്ടാണ് സംഘപരിവാർ വിധേയത്വം മാത്രം പരിഗണിച്ച് വൈ.സുദർശനറാവുവിനെ ചരിത്രഗവേഷണകൗൺസിൽ അധ്യക്ഷനാക്കിയത്. ചരിത്രപണ്ഡിതാർക്കു പകരം 22 സംഘപരിവാർ സംഘടനകളുടെ ഭാരവാഹികളായ ആർ.എസ്.എസുകാരെയാണ് ചരിത്രഗവേഷണ കൗൺസിലിൽ തിരുകിക്കയറ്റിയത്.

അതേപോലെ സാമൂഹ്യശാസ്ത്രഗവേഷണ കൗൺസിൽ (ഐ.സി.എസ്.എസ്.ആർ) അധ്യക്ഷനായി നിയമിക്കപ്പെട്ട ബ്രജ്ബിഹാരികുമാറിനും മോഡി ഭക്തിയല്ലാതെ സാമൂഹ്യശാസ്ത്ര ഗവേഷണ പഠനങ്ങളിൽ യാതൊരുവിധ സംഭാവനയുമില്ല. ഇന്ത്യയിൽ ജാതീയതയും തൊട്ടുകൂടായ്മയും സൃഷ്ടിച്ചത് അറബികളും തുർക്കികളും മുഗള•ാരുമാണെന്ന് വാദിക്കുന്ന ബുദ്ധിജീവിയാണ് ബ്രജ്ബിഹാരികുമാർ. ഐ.സി.സി.ആർ–ന്റെ അധ്യക്ഷനായി നിയമിതനായ ഡോ.ലോകേഷ്ചന്ദ്രയും കറകളഞ്ഞ ആർ.എസ്.എസുകാരനാണ്. പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിന്റെ മേധാവിയായി നിയമിക്കപ്പെട്ട ഗജേന്ദ്രചൗഹാൻ ഇന്ത്യൻ ശാസ്ത്രകോൺഗ്രസിന്റെ ചെയർമാനായി നിയമിക്കപ്പെട്ട അച്യുത സമന്ദ എന്നിവരുടെയെല്ലാം യോഗ്യത ആർ.എസ്.എസുകാരാണ് എന്നത് മാത്രമാണ്. മലയാള സാഹിത്യകാരനായ സേതുവിനെ മാറ്റിയാണല്ലോ നാഷണൽ ബുക്ക് ട്രസ്റ്റിന്റെ അധ്യക്ഷനായി ബാൽദേവ്ശർമ്മയെ അവരോധിച്ചത്.

കേന്ദ്ര സാഹിത്യ അക്കാദമിയെ അതിന്റെ സ്വയംഭരണ സ്വഭാവവും ജനാധിപത്യഘടനയും മതനിരപേക്ഷ നിലപാടും തകർത്ത് കൈപ്പിടിയിലാക്കാനുള്ള സംഘപരിവാറിന്റെ ശ്രമങ്ങളെ ഇന്ത്യയിലെ ശ്രദ്ധേയരായ സാഹിത്യകാരന്മാർ ചെറുത്തുനിന്നുതോൽപ്പിച്ചത് കഴിഞ്ഞയാഴ്ചയാണ്. തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയെ നോമിനേറ്റു ചെയ്യപ്പെടുന്ന സമിതിയെ കൊണ്ട് പകരംവെയ്ക്കാനും അങ്ങനെ പിടിച്ചെടുക്കാനുമായിരുന്നു നീക്കം. അതിനാകട്ടെ അക്കാദമി ജനറൽ കൗൺസിൽ അതിന്റെ ഭരണഘടന ഭേദഗതി ചെയ്താലേ സാധിക്കുമായിരുന്നുള്ളൂ. അതിനുതകും വിധം രാജ്യത്തിന്റെ പല ഭാഗത്തുനിന്നുമായി പല സ്വാധീനങ്ങളുമുപയോഗിച്ച് സംഘപരിവാറുകാരെ ജനറൽ കൗൺസിലിൽ തിരുകിക്കയറ്റി ഭൂരിപക്ഷം ഉണ്ടാക്കാനുമുള്ള ശ്രമമാണ് ജ്ഞാനപീഠജേതാവായ ചന്ദ്രശേഖര കമ്പാറിന്റെ നേതൃത്വത്തിലുള്ള സാഹിത്യകാരന്മാർ തകർത്തത്. അതിലൂടെ രക്ഷപ്പെട്ടത് അക്കാദമിയുടെ സ്വയംഭരണാധികാരവും ജനാധിപത്യഘടനയുമാണ്. ഇവ നിലനിൽക്കുന്ന ഏക അക്കാദമി ഇന്ന് സാഹിത്യഅക്കാദമി മാത്രമാണ് എന്നത് ഓർമ്മിക്കണം. ആ നിലയ്ക്ക് ചരിത്രപരമായ പ്രാധാന്യമുള്ളതായി കേന്ദ്ര സാഹിത്യ അക്കാദമിയിൽ കഴിഞ്ഞ ആഴ്ച നടന്ന തെരഞ്ഞെടുപ്പ്.

ജവർഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി വൈസ്ചാൻസലറായി നിയമിക്കപ്പെട്ട ഡോ.ജഗദീഷ്കുമാർ തികഞ്ഞ ആർ.എസ്.എസുകാരനാണ്. ഇദ്ദേഹം ആർ.എസ്.എസ് സംഘടനയായ വിജ്ഞാനഭാരതിയുടെ പ്രവർത്തകനാണ്. ഡോ.ജഗദീഷ്കുമാറിന്റെ ജനാധിപത്യവിരുദ്ധമായ നിലപാടുകളും തീരുമാനങ്ങളുമാണ് ജെ.എൻ.യുവിലെ വിദ്യാർത്ഥി പ്രക്ഷോഭങ്ങൾക്ക് കാരണമായത്. ആർ.എസ്.എസ് മേധാവി മോഹൻഭഗവതുമായി വേദി പങ്കിട്ട ജഗദീഷ്കുമാർ വിദ്യാർത്ഥികളിൽ രാജ്യസ്നേഹമുണ്ടാക്കാൻ ജെ.എൻ.യു ക്യാമ്പസിനകത്ത് ഒരു പട്ടാളടാങ്ക് പണിയാനാണ് ശ്രമിച്ചത്. ജെ.എൻ.യു പോലുള്ള ഒരു സർവകലാശാലയുടെ അക്കാദമിക നിലവാരത്തെയും ജനാധിപത്യ അന്തരീക്ഷത്തെയും തകർക്കുന്ന നീക്കങ്ങളാണ് സംഘപരിവാർ ബുദ്ധിജീവിയായ ഈ വൈസ്ചാൻസലർ നടത്തിക്കൊണ്ടിരിക്കുന്നത്.

20 കേന്ദ്രസർവകലാശാലകളും 31 സംസ്ഥാന സർവകലാശാലകളും ഉൾപ്പെടെ 51 യൂണിവേഴ്സിറ്റി വൈസ്ചാൻസലർമാരുടെ യോഗം ആർ.എസ്.എസ് മുൻകൈയെടുത്ത് ഡൽഹിയിൽ വിളിച്ചുചേർത്തത് ഉന്നതവിദ്യാഭ്യാസരംഗത്തെ കാവിവൽക്കരിക്കുക എന്ന അജണ്ടയെ മുൻനിർത്തിയാണ്. ആർ.എസ്.എസിന്റെ കീഴിലുള്ള ശിക്ഷാസംസ്കൃതി ഉഠാൻ ന്യാസ് എന്ന സംഘടന എൻ.സി.ആർ.ടിയുടെ പാഠപുസ്തകങ്ങളിൽ മാറ്റങ്ങൾ വരുത്താൻ ആവശ്യപ്പെട്ടു. അറബി, ഉറുദ്, ഇംഗ്ലീഷ് വാക്കുകളും വിഖ്യാത കവികളായ മിർസാഗാലിബ്, രവീന്ദ്രനാഥടാഗോർ എന്നിവരുടെ കവിതകളും ലോകപ്രശസ്ത ചിത്രകാരൻ എം.എഫ്.ഹുസൈന്റെ ജീവചരിത്ര ഭാഗങ്ങളും മുഗൾ ചക്രവർത്തിമാരെ സംബന്ധിച്ച വസ്തുനിഷ്ഠ പാഠഭാഗങ്ങളും ഒഴിവാക്കണമെന്നാണ് ശിക്ഷാസംസ്കൃതി ഉഠാൻ ന്യാസ് ആവശ്യപ്പെട്ടിരിക്കുന്നത്.

ഹിന്ദുരാഷ്ട്രം ലക്ഷ്യംവെച്ചുള്ള വിദ്യാഭ്യാസ അജണ്ട അടിച്ചേൽപ്പിക്കാനാണ് അക്കാദമിക് സ്ഥാപനങ്ങളെ കൈയടക്കിക്കൊണ്ട് കേന്ദ്രഭരണാധികാരത്തിന്റെ സൗകര്യങ്ങൾ ഉപയോഗിച്ച് സംഘപരിവാർ ശ്രമിക്കുന്നത്. സംഘപരിവാറിന്റെ ഇത്തരം ശ്രമങ്ങൾക്കെതിരെ മതനിരപേക്ഷതയെയും ജനാധിപത്യത്തെയുംസ്നേഹിക്കുന്ന മുഴുവൻ ജനങ്ങളും മുന്നോട്ടുവരണമെന്ന് ഈ സമ്മേളനം അഭ്യർത്ഥിക്കുന്നു.

**********

k.s.14.02.2018